"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലായി താലൂക്ക് ആസ്ഥാനങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തിന് ചെലവായ അധിക തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.1919/2026/GAD തീയതി,തിരുവനന്തപുരം, 24-04-2026

പരാമർശം:-
1. സ.ഉ(കൈ)നം.143/2024/പൊഭവ തീയതി 23.11.2024.
2. സ.ഉ(സാധാ)നം.110/2025/പൊഭവ തീയതി 09.01.2025.
3. ലാന്റ് റവന്യൂ കമ്മീഷ്ണറുടെ 07.02.2026 ലെ LR/11940/2024-FB(A1) നമ്പർ കത്ത്

**ഉത്തരവ്**

പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലായി താലൂക്ക് ആസ്ഥാനങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ **"കരുതലും കൈത്താങ്ങും"** എന്ന പേരിൽ പരാതി പരിഹാര അദാലത്ത് നടത്തുവാൻ തീരുമാനിച്ചുകൊണ്ടും ഇതു സംബന്ധിച്ച വിശദമായി മാർഗ്ഗരേഖ പരാമർശം 1 പ്രകാരവും പുറപ്പെടുവിക്കുകയുമുണ്ടായി. കൂടാതെ അദാലത്തിന്റെ നടത്തിപ്പിനായി ഓരോ താലൂക്കിനും 3,00,000/-(മൂന്ന് ലക്ഷം രൂപ മാത്രം) രൂപാ വീതം ചെലവഴിക്കുന്നതിനുള്ള ഭരണാനുമതിയും, സംസ്ഥാനതല ഉദ്ഘാടനത്തിന് 25,85,000/- രൂപയുടെ (ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) ഭരണാനുമതിയും 2053-00-093-99-34-03-NV(OtherCharges) എന്ന ശീർഷകത്തിൽ നിന്നും നൽകിക്കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത അദാലത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ തഹസിൽദാർക്കും തിരൂരങ്ങാടി തഹസിൽദാർക്കും ഭരണാനുമതിപ്രകാരം അനുവദിച്ച തുകയിൽ കൂടുതൽ ചെലവായിട്ടുള്ള സാഹചര്യത്തിൽ പെരിന്തൽമണ്ണ തഹസിൽദാർക്ക് അധികമായി ചെലവായ 37,572/- രൂപയും തിരുരങ്ങാടി തഹസിൽദാർക്ക് അധികമായി ചെലവായ 1,93,184/- രൂപയും ചേർത്ത് 2,30,756/-രൂപ (രണ്ടു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അമ്പത്തി ആറ് രൂപ മാത്രം)2053-00-093-99-00-34-03-N-P-V എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദാമായി പരിശോധിച്ചു. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലായി മന്ത്രിമാരുടെ നേതൃത്വത്തിൽ പെരിന്തൽമണ്ണ, തിരുരങ്ങാടി എന്നിവിടങ്ങളിൽ ചേർന്ന **"കരുതലും കൈത്താങ്ങും"** എന്ന പേരിലുള്ള പരാതി പരിഹാര അദാലത്തിനായി പെരിന്തൽമണ്ണ തഹസിൽദാർക്ക് അധികമായി ചെലവായ 37,572/- രൂപയും (മുപ്പത്തിയേഴായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) തിരുരങ്ങാടി തഹസിൽദാർക്ക് അധികമായി ചെലവായ 1,93,184/- രൂപയും (ഒരു

ലക്ഷത്തിതൊണ്ണൂറ്റിമൂവായിരത്തി ഒരുന്നൂറ്റിയെൺപത്തിനാല് രൂപ മാത്രം) ചേർത്ത് ആകെ 2,30,756/- രൂപ (രണ്ടു ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അമ്പത്തി ആറ് രൂപ മാത്രം) 2053-00-093-99-00-34-03-N-P-V ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
സെക്ഷൻ ഓഫീസർ
Date: 24-04-2026 11:03:38